## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2485 12/03/2020-ലെ മറുപടി

## ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് : | | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ജലവിഭവ വകുപ്പ്/ജല അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ; | (എ) | വാട്ടർ അതോറിറ്റിയുടെ ടാങ്കർ ഫില്ലിംഗ് പോയിന്റുകളിൽ കൂടി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിവലവാരം അടിക്കടി അതോറിറ്റിയുടെ തന്നെ ഗുണനിലവാര പരിശോധന വിഭാഗം പരിശോധിക്കുകയും ഗുണനിലവാരം ഉറപ്പുരവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അതോറിറ്റിയുടെ ടാങ്കർ ലോറികൾ മുഖേന വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ അവക്ഷിപ്ത ക്ലോറിന്റെ അളവ് പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് പരിശോധന കിറ്റുകൾ നൽകിയിട്ടുണ്ട്.<br>മറ്റു സ്രോതസ്സുകളിൽ നിന്ന് വഴി സ്വകാര്യ ടാങ്കറുകളിൽ വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന ചുമതല നിലവിൽ ജല അതോറിറ്റിയിൽ നിക്ഷിപ്തമല്ല. |
| ബി) | ഇവ കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | ബി) | പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേരള ജല അതോറിറ്റിയുടെ ജില്ലാ ലാബുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി NABL അംഗീകാരം നേടിയെടുക്കുന്നതിന് ഊന്നൽ നൽകിവരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ